ദീൻദയാൽ കൈത്തറി വികസന പദ്ധതി

25 [3464] *പ്രൊഫ. എ. ഡി. മുസ്തഫ:*
ശ്രീ. ടി. വി. ചന്ദ്രമോഹൻ:
,, *ലൂഡിലൂയിസ്:*
,, *കെ. ബാബു:*
,, *എം. എം. ഹസ്സൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദീൻദയാൽ കൈത്തറി വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഈ പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളത്;

(സി) എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുള്ളത്;

(ഡി) ഈ പദ്ധതിയുടെ പ്രയോജനം എത്ര കൈത്തറി തൊഴിലാളികൾക്ക് ലഭിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് ദീൻദയാൽ കൈത്തറി വികസന പദ്ധതി സഹകരണ മേഖലയിൽ 270 സംഘങ്ങളിലും 25 വനിതാസമാജങ്ങളിലുമായി നടപ്പാക്കിവരുന്നു. സംഘങ്ങളെ 40 കൺസോഷ്യങ്ങളിലായി ഗ്രൂപ്പുചെയ്താണ് പദ്ധതി നടപ്പാക്കുന്നത്. തറികളെ നവീകരിക്കുക, എൻ.ഐ.ഡി., എൻ.ഐ.എഫ്.റ്റി., ഐ.ഐ.എച്ച്.റ്റി., വീവേഴ്സ് സർവ്വീസ് സെന്റർ തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായത്തോടെ നവീന ഉല്പന്നങ്ങൾക്ക് രൂപകൽപ്പന നൽകുക, നെയ്ത്തുകാർക്ക് വിദഗ്ധ പരിശീലനങ്ങൾ നൽകുക, ഡൈയിംഗ് വാർപ്പിംഗ് ആന്റ് സൈസിംഗ് സൗകര്യങ്ങൾ സജ്ജമാക്കുക, പ്രവർത്തന മൂലധനത്തിനുള്ള മാർജിൻമണി ലഭ്യമാക്കുക, ഉല്പന്നങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ട പരസ്യ പ്രചരണങ്ങൾക്ക് ധനസഹായം നൽകുക തുടങ്ങിയ കാര്യങ്ങളാണ് ഈ പദ്ധതിപ്രകാരം നടപ്പാക്കുന്നത്.

(സി) പത്തനംതിട്ട, വയനാട് ജില്ലകളൊഴികെ സംസ്ഥാനത്ത് മറ്റ് ജില്ലകളിലെ 270 സംഘങ്ങളിലും തിരുവനന്തപുരം ജില്ലയിലെ 25 വനിതാ സമാജങ്ങളിലുമാണ് പദ്ധതി നടപ്പാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ പദ്ധതിയുടെ പ്രയോജനം സംസ്ഥാനത്തെ 8175 നെയ്ത്ത് തൊഴിലാളികൾക്ക് ലഭിക്കുന്നതാണ്. കൂടാതെ അനുബന്ധ ജോലികളിൽ ഏർപ്പെടുന്ന ഉദ്ദേശം 3900 തൊഴിലാളികൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും.

തറിയുടമകൾ നൂൽ മറിച്ചു വിൽക്കുന്നത് തടയാൻ നടപടി

26 [3465] *ശ്രീ. കളത്തിൽ അബ്ദുള്ള:*

,, *ഇസ്ഹാക് കുരിക്കൾ:*

,, *ചെർക്കളം അബ്ദുള്ള:*

,, *നാലകത്ത് സൂപ്പി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറികൾക്ക് അനുവദിക്കുന്ന നൂൽ, തറി ഉടമകൾ മറിച്ചു വില്ക്കുന്നതുകൊണ്ട് നെയ്ത്ത് തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ കുറയുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടഞ്ഞ്, ലഭ്യമാകുന്ന നൂൽ തറികൾ പ്രവർത്തിപ്പിക്കാൻ തന്നെ ഉപയോഗിക്കാൻ നിർബന്ധിപ്പിക്കുമോ;

(സി) കൈത്തറി തുണിയുടെ ഉല്പാദനം വർദ്ധിപ്പിക്കാനും തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കാനുംകഴിയുമെന്ന കാര്യം പരിഗണിച്ച് നൂൽ മറിച്ച് വിൽക്കുന്നത് തടയാൻ വേണ്ട നടപടിയെടുക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കൈത്തറി സംഘങ്ങൾക്ക് സർക്കാർ സബ്സിഡിയോടെ എൻ.എച്ച്.ഡി.സി.-യിൽ നിന്നും യാൺ വാങ്ങി, ഹാന്റ്ക്സ്, ഹാൻവീവ്, എറണാകുളം, കോഴിക്കോട് ജില്ലാ യാൺ ബാങ്കുകൾ എന്നീ സ്ഥാപനങ്ങൾ വഴിയാണ് യാൺ നൽകിവരുന്നത്. ഇവ നെയ്ത്തുകാർക്ക് നൽകാതെ സംഘങ്ങൾ മറിച്ച് വിൽക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംഘങ്ങളിൽ നിരന്തരമായ പരിശോധനകൾ നടത്തി നൂല് നെയ്ത്തുകാർക്കുതന്നെ വിതരണം ചെയ്യുന്നുവെന്ന് ഉറപ്പാക്കുന്നതിനുള്ള കർശന നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

GPM. 2/247/2012.—9

LIBRARY ARCHIVES Kerala Legislative Assembly